# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSAKTMP4/483/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 30/03/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAKTMP4/483/2021 തീയ്യതി: 30/03/2021

## കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 28-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-03-2021 | 19-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-03-2021 | 19-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ 08/03/2021 മുതൽ
ശ്രീ. യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ, 08/03/2021 വരെ
ശ്രീ ബിനീത് രാജൻ ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി. സി. കുര്യൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ശ്രീകുമാർ എസ്. കൈമൾ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സീനത്ത് കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.സാം പോൾ സി | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 01-04-2019 | 31-03-2020 |
| ഡോ രാജഹംസ് ശശി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീഹരികുമാർ വി.കെ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷീലകുമാരിയമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 19-02-2020 |
| ശ്രീമതി അഞ്ജന ആർ നായർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20-02-2020 | 31-03-2020 |
| ശ്രീ.സാജൻ ടി. കെ. | കൃഷി ഓഫീസർ | 01-04-2019 | 12-07-2019 |
| ശ്രീ.ഹാരിസ് എം | കൃഷി ഓഫീസർ | 12-07-2019 | 31-08-2019 |
| ശ്രീമതി അമ്മു പുന്നോസ് | കൃഷി ഓഫീസർ | 02-09-2019 | 02-12-2019 |
| ശ്രീമതി പാർവ്വതി ആർ | കൃഷി ഓഫീസർ | 03-12-2019 | 31-03-2020 |
| ഡോ. സി.കെ ഷാജു | വെറ്ററിനറി സർജൻ | 01-04-2019 | 21-08-2019 |
| ഡോ. മിനി ജോസഫ് | വെറ്ററിനറി സർജൻ | 22-08-2019 | 31-03-2020 |
| ശ്രീ.സോജൻ കെ എസ് | അസിസ്റ്റന്റ് എൻജിനീയർ ഇൻ ചാർജ്ജ് എൽ.എസ്.ജി.ഡി | 01-03-2019 | 28-04-2019 |
| ശ്രീമതി അശ്വതി വിജയൻ | അസിസ്റ്റന്റ് എൻജിനീയർ | 29-04-2019 | 21-11-2019 |

| | | | |
|---|---|---|---|
| | എൽ.എസ്.ജി.ഡി | | |
| ശ്രീ. അജിത് കുമാർ എ റ്റി | അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | 21-11-2019 | 05-02-2020 |
| ശ്രീമതി സുമിത സുകുമാരൻ | അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | 05-02-2020 | 31-03-2020 |
| ശ്രീമതി ശ്രീജ രാധാകൃഷണൻ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sulatha.D (Audit Officer, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Yogesh R (Senior Grade Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 1-2 |
| 3 | റജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Yogesh R (Senior Grade Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Yogesh R (Senior Grade Auditor, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-03-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Smitha G Nair (Asst. Audit Officer, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 1-4 |
| 6 | വാർഷികപദ്ധതി<br>Written By: Sulatha.D (Audit Officer, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Smitha G Nair (Asst. Audit Officer, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Smitha G Nair (Asst. Audit Officer, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Bineeth Rajan (Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Sulatha.D (Audit Officer, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 1-10 |
| 12 | 2018-19-,19-20വർഷങ്ങളിലെ ടെൽഡർഫീസ് ഇനത്തിലുള്ള തുക ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 1-11 |
| 13 | തൊഴിൽനികുതി- ഓഡിറ്റ് ഇംപാക്ട്<br>Written By: Yogesh R (Senior Grade Auditor, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-03-2021) | 1-12 |
| 14 | വാടക കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Bineeth Rajan (Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2021) | 1-13-1 |
| 15 | മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല.<br>Written By: Bineeth Rajan (Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2021) | 1-13-2 |
| 16 | ബൈലോ<br>Written By: Bineeth Rajan (Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2021) | 1-13-3 |
| 17 | ബസ്സ്റ്റാൻഡ് ,കംഫർട്ട് സ്റ്റേഷൻ - കുടിശ്ശിക<br>Written By: Bineeth Rajan (Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 1-14 |
| 18 | വിതരണം ചെയ്ത രസീത് ബുക്ക് ഉപയോഗിക്കാതെ | 1-15 |

| | | |
|---|---|---|
| | സൂക്ഷിച്ചു<br>Written By: Bineeth Rajan (Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | |
| 19 | ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് നിലനിൽക്കുന്നു<br>Written By: Bineeth Rajan (Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 1-16 |
| 20 | ലൈസൻസ്<br>Written By: Bineeth Rajan (Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2021) | 1-17 |
| 21 | ആയുർവേദാശുപത്രി മെയിന്റനൻസ്- ലഭ്യമായ തുകയിൽ വിനിയോഗിക്കാൻ സാധിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്<br>Written By: Smitha G Nair (Asst. Audit Officer, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-03-2021) | 1-18 |
| 22 | ഹോമിയോ ആശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും - ഏകീകൃത വാങ്ങൽ സംവിധാനത്തിലൂടെ നടത്തിയിട്ടില്ല<br>Written By: Smitha G Nair (Asst. Audit Officer, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 1-19 |
| 23 | പാലിയേറ്റീവ് കെയർ -പുനർഉപയോഗസാധ്യമായ പരിചരണസാമഗ്രികൾ<br>Written By: Bineeth Rajan (Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 1-20-1 |
| 24 | പാലിയേറ്റീവ് കെയർ പ്രോജക്ട് - മരുന്നുകൾ ലഭ്യമായില്ല.<br>Written By: Bineeth Rajan (Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 1-20-2 |
| 25 | സ്ഥാപനതല മാലിന്യ സംസ്കരണം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Yogesh R (Senior Grade Auditor, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 1-21 |
| 26 | അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ<br>Written By: Sulatha.D (Audit Officer, On 18-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 1-22 |
| 27 | കുടിവെള്ളപദ്ധതിക്ക് ടാങ്ക്നിർമ്മാണം-പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 1-23 |
| 28 | അങ്കനവാടികൾക്ക് വാട്ടർപ്യൂരിഫയർ- വാങ്ങിയ ഉപകരണങ്ങൾ നിശ്ചിത ലക്ഷ്യത്തിനായി പ്രയോജനപ്പെടുന്നില്ല<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 1-24 |
| 29 | പൊതുകിണറുകൾക്ക് കവറിംഗ്/ വല സ്ഥാപിക്കൽ - തുടർസംരക്ഷണപ്രവർത്തങ്ങൾക്കുള്ള നടപടികളില്ല<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 1-25 |
| 30 | എസ് എസ് എ പ്രോജക്ട് - വിനിയോഗസാക്ഷ്യപത്രത്തിൽ വിനിയോഗവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Yogesh R (Senior Grade Auditor, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 1-26 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-03-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം.<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-03-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 27-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sulatha.D (Audit Officer, On 19-03-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 27.02.2019 തീയതിയിലെ 1 -ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 10806942 | 8655886 | | 2151056 |
| വരവ് | 90935877 | 54087052 | | 36848825 |
| ആകെ | 101742819 | 62742938 | | 38999881 |
| ചെലവ് | 8,56,66880 | 47028418 | | 38638462 |
| നീക്കിയിരിപ്പ് | 16075939 | 15714520 | | 361419 |

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി 3-2-20ലെ യോഗതീരുമാനപ്രകാരം പുതുക്കിയ 2019-20-ലെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ ലെ 2-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് |
|---|---|
| മുന്നിരിപ്പ് | 86,55886 |
| വരവ് | 81988277 |
| ആകെ | 90644163 |
| ചെലവ് | 73766760 |
| നീക്കിയിരിപ്പ് | 16877403 |

2019-20 ലെ പ്രതീക്ഷിത വരവുചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമാണുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്. ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ ബജറ്റ് വകയിരുത്തലില്ലാതെ ചെലവ് വകയിരുത്തിയത് ബജറ്റിലധികരിച്ച ചെലവ് എന്നിവ പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർത്ഥ്യവും ഉറപ്പാക്കാവുന്നതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ജി.ഒ. (എം.എസ്)152/11/തസ്വഭവ/26.07.2011 പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിംഗും പൂർത്തിയാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി-ബാധ്യതകളുടെ

വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ലാത്തതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2020-ലെ പഞ്ചായത്ത് ജനറൽ ഫണ്ട് കൃത്യമല്ല.

2.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം-62 പ്രകാരമുള്ള 'റേഷ്യോസ്' വാർഷിക കണക്കുകളുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടില്ല.

3.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 58(4)-എച്ച് പ്രകാരം തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4.വസ്തുനികുതിയുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തൻവർഷ കുടിശ്ശിക ഡിമാന്റുമായി വാർഷിക ധനകാര്യപത്രികയിലെ ഡിമാന്റ് പൊരുത്തപ്പെടുത്തുന്നതിന് ചെയ്തിട്ടുള്ള പ്രയർ പീരിയഡ് ക്രമീകരണങ്ങളുടെ(ഐ-18 ഷെഡ്യൂൾ) കൃത്യത ഉറപ്പാക്കുവാൻ സാധിച്ചി ട്ടില്ല.

5. സെന്റ് മേരീസ് ഹൈസ്കൂളിന് ടോയ്ലെറ്റ് നിർമ്മാണത്തിന് (153/20) ചെലവഴിച്ച 730000 രൂപ കാപിറ്റൽ കോൺട്രിബൂഷനിലേക്ക് മാറ്റിയതിനാൽ ബാലൻസ് ഷീറ്റ് ബി3 ഷെഡ്യൂളിലെ തുക കൃത്യമല്ല.

6. ICDS കേന്ദ്രവിഹിതത്തിന്റെ വരവ് ചെലവ് കണക്കുകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷികകണക്കുകൾ, ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

<u>1-2-1 റജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല</u>

6.ബാലൻസ് ഷീറ്റ് ബി7 പത്രികയിൽ Other Deposits- Revenue എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 18064 രൂപയുടെ ആധികാരികത വ്യക്തമല്ല. പ്രസ്തുത തുക ഡെപ്പോസിറ്റ് രജിസ്റ്റിൽ ഉൾപ്പെടുത്തിയില്ല. Bidders Security Deposit റീഫണ്ട് 1295088 രൂപയാണെന്ന് രജിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട് .എന്നാൽ വാർഷിക കണക്കിൽ 1251468 രൂപയാണ്. കൂടാതെ Contractors Security Deposit റീഫണ്ട് 30000 രൂപയാണ് വാർഷികകണക്കിൽ 9220 രൂപ എന്നാണ് രേഖപ്പെടുത്തിയത് വ്യത്യാസം സംബന്ധിച്ച് നോട്ട് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല

7.ബസ് സ്റ്റാന്റ് വരവ് (കുടിശ്ശിക, തൻവർഷം) രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

<u>1-3 സാമ്പത്തിക വിശകലനം</u>

(എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| മുന്നിരിപ്പ് | 8655886 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 54087052 |
| ആകെ | 62742938 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47028418 |
| നീക്കിയിരിപ്പ് | 15714520 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 9979989 | 9979989 | 7966382* | 2013607 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1838000 | 1838000 | 1838000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 209000 | 209000 | 133750 | 75250 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ് ) | 0 | 13255000 | 13255000 | 4289358 | 8965642 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ് ) | 0 | 3251000 | 3251000 | 1338130 | 1912870 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7629881 | 7629881 | 4023026 | 3606855 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | |
| ലൈഫ് മിഷൻ | 0 | 2060000 | 2060000 | 1940659** | 119341 |
| ആയുർവേദം | 15752 | 0 | 15752 | 0 | 15752 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എൻ ആർ ഇ ജി എ | 3106 | 19539241 | 19542347 | 19541311 | 1036 |
| ഐസിഡിഎസ് (കേന്ദ്ര വിഹിതം) | 576500 | 1110038 | 1686538 | 401285 | 708753 |
| ശുചിത്വമിഷൻ | 1411970 | 0 | 1411970 | 425000 | 986970 |

* 2019-20 വർഷം ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് ജി. ഓ പ്രോജക്ട് പ്രകാരം കുറവ് ചെയ്ത 323529 രൂപ ഉൾപ്പെടെയുള്ള വരവ് ചെലവ് തുക

** ബാങ്ക് ചാർജ് (659 രൂപ) ഉൾപ്പെടെ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണപ്പെട്ടു.

1. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റിൽ വരവായി ചേർത്തിരിക്കുന്നത് പഞ്ചായത്തിന് ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിച്ച തുകകളാണ്. എന്നാൽ മേഖല വിഭജന പ്രകാരമുള്ള വകയിരുത്തൽ സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. നീക്കിയിരിപ്പ് തുകകൾ എസിആറുമായും പൊരുത്തപ്പെടുന്നില്ല. ആകയാൽ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത വ്യക്തമല്ല

2. വികസന ഫണ്ട്(ജനറൽ) ലിൽ സേവന മേഖലയിൽ സുലേഖ ചെലവു പത്രിക പ്രകാരം 20 പ്രൊജക്ടുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 21 പ്രൊജക്ടുകളുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. മെയിന്റനൻസ് ഫണ്ട് റോഡിൽ പശ്ചാത്തല മേഖലയിൽ സുലേഖ ചെലവു പത്രിക പ്രകാരം 41 പ്രൊജക്ടുകളും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ 42 പ്രൊജക്ടുകളുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4..പ്രോജക്ട് 209/20 പ്രകാരം ലൈഫ് മിഷൻ ലോൺ തിരിച്ചടവായി സ്രോതസ്സിൽ കുറവ് ചെയ്ത 323529 രൂപ വാർഷികകണക്ക് വരവ് ചെലവ് പത്രികയിൽ ഉൾപ്പെടുത്താത്തതിനാൽ വികസനഫണ്ട് ജനറലിന്റെ ചെലവ് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | ACR/AFS പ്രകാരം ചെലവ് തുക | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/ സുലേഖ ചെലവ് പത്രിക |
|---|---|---|
| വികസനഫണ്ട് ജനറൽ | 7642853 | 7966382 |

5 .കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ / ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ACR/ ക്യാഷ് ബുക്ക് / വാർഷിക കണക്ക് പ്രകാരം | | | | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം | | | |
|---|---|---|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | | | | |
| എൻആർഇജിഎ | 3106 | 19539241 | 19541311 | 1036 | 3106 | 1380486 | 1182556 | 197930 |
| ഐസിഡിഎസ് | 576500 | 1110038 | 401285 | 708753 | 576500 | 4100000 | 1400000 | 2700000 |
| TSC | 1411970 | - | 425000 | 986970 | 0 | 1740000 | - | 1740000 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | | | | |
| ലൈഫ് (സംസ്ഥാന വിഹിതം) | 0 | 1600000 | 1600000 | 1600000 | | - | | - |

6.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സംസ്ഥാനാവിഷ്കൃത ഫണ്ട് പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതിക്കായി 2500000 രൂപ വരവ് കാണിച്ചതിന്റേയും കേന്ദ്രാവിഷ്കൃത ഫണ്ട് ടോട്ടൽ സാനിട്ടേഷൻ കാമ്പയിനായി 1740000രൂപ വരവ് കാണിച്ചതിന്റേയും ആധികാരികത വ്യക്തമല്ല

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

<u>1-5 വാർഷികപദ്ധതി</u>

<u>1-5(1) പദ്ധതിരൂപീകരണം</u>

ഗ്രാമപ്പഞ്ചായത്തിന്റെ 2019-20ലെ വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 9.3.20 ലെ ഉത്തരവ് നം. 2707/18/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജനപ്രതിനിധികൾ,നിർവ്വഹണോദ്യോഗസ്ഥർ,ആസൂത്രണസമിതി അംഗങ്ങൾഎന്നിവരുടെ സംയുക്തയോഗം | 2-10-18 |
| വർക്കിംഗ് ഗ്രൂപ്പുകളുടെ സംയുക്തയോഗം | 27-10-18 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 4-11-18 മുതൽ വരെ11-11-18 |
| ഭിന്നശേഷി ഗ്രാമസഭ | 29-11-18 |
| ഊരുകൂട്ടയോഗം | 7-3-19,17-6-19 |
| വികസനസെമിനാർ | 3-12-18 |

1-5( 2)- വാർഷികപദ്ധതിച്ചെലവ്

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 8,68,61,876/- രൂപയും ആകെ ചെലവ് 3,05,89,124/- രൂപയുമാണ്. ചെലവുശതമാനം 35.21%.7 46സ്പിൽഓവർ പ്രോജക്ടുകളും 145പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 191 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 99പ്രോജക്ടുകൾക്കുവേണ്ടി മാത്രമേ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ. പദ്ധതിചെലവിന്റെ സുലേഖാപത്രികപ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് തരം | വകയിരുത്തൽ | ചെലവ് | ചെലവ്ശതമാനം |
|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 10407705 | 7966382 | |
| എസ് സി. പി | 1987134 | 1838000 | |
| റ്റി എസ് പി | 209000 | 133750 | |
| ധനകാര്യക്കമ്മീഷൻഗ്രാന്റ് | 9148750 | 4023026 | |
| സംരക്ഷണഗ്രാന്റ് (റോഡ്) | 15899298 | 4289358 | |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 3663676 | 1338130 | |
| കേന്ദ്രാവിഷ്കൃഫണ്ട് | 8183432 | 825000 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 2685000 | 1940000 | |
| തനതുഫണ്ട് | 23840252 | 6847700 | |
| ബ്ലോക്ക് വിഹിതം | 3988129 | 558028 | |
| ജില്ലാപഞ്ചായത്ത് വിഹിതം | 1800000 | 600000 | |
| മറ്റുള്ളവ | 5049500 | 229750 | |
| ആകെ | 86861876 | 30589124 | |

1-5 (3)ബജറ്റ് വിഹിതത്തേക്കാൾ അധികതുക വാർഷികപദ്ധതിക്ക് വകയിരുത്തി

മഹാപ്രളയത്തെതുടർന്നുണ്ടായ വരുമാനനഷ്ടവും വർദ്ധിച്ച ചെലവുകളും മൂലം സ്പിൽ ഓവർവിഹിതം പൂർണ്ണമായും ഉൾപ്പെടുത്താതെ മുൻവർഷത്തേക്കാൾ കുറഞ്ഞ തുകയാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസനപദ്ധതികൾക്കായി സംസ്ഥാനബജറ്റിൽ വകയിരുത്തിയിരുന്നതും അനുവദിച്ചതും. എന്നാൽ സ്പിൽ ഓവർപ്രോജക്ടുകൾക്കുൾപ്പെടെയുള്ള തുക ലഭിക്കുമെന്ന പ്രതീക്ഷയിൽ ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ അധികതുക വകയിരുത്തിയിരുന്നു. പിന്നീട് ബജറ്റ് വകയിരുത്തലിനനുസൃതമായി വാർഷികപദ്ധതി അടങ്കലിൽ

ഭേദഗതി വരുത്തിയുമില്ല. മേൽസാഹചര്യം വാർഷികപദ്ധതിക്കുവേണ്ടിയുള്ള ഗ്രാമപഞ്ചായത്തിന്റെ വകയിരുത്തൽ സംസ്ഥാനബജറ്റ്പ്രകാരം വകയിരുത്തിയതും അനുവദിച്ചതുമായ തുകകളേക്കാൾ അധികമാകുന്നതിനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് വിഭാഗം | അനുബന്ധം IVപ്രകാരം വകയിരുത്തൽ | അനുവദിച്ചുനൽകിയ തുക (എ.സി.ആർ പ്രകാരം) | ഗ്രാമപഞ്ചായത്ത് വകയിരുത്തിയ തുക |
|---|---|---|---|
| പൊതുവിഭാഗം വികസന ഫണ്ട് | 9980000 | 9656460 | 11501261 |
| റ്റി.എസ്.പി | 209000 | 209000 | 282250 |
| പെർഫോമൻസ് ഗ്രാന്റ് | 7628000 | 76,29,881 | 1,10,47,531 |
| സംരക്ഷണഗ്രാന്റ്(റോഡിതരം) | 3251000 | 3251000 | 5024244 |

കൃത്യമായ ബജറ്റ് വകയിരുത്തൽ ലഭ്യമാവുന്ന ഫണ്ടിനങ്ങളിൽപ്പോലും കൂടിയ തുക വകയിരുത്തി വാർഷികപദ്ധതി അടങ്കൽ ഉയർത്തിക്കാട്ടുന്ന നടപടി ഒഴിവാക്കേണ്ടതാണ്.

<u>1-5(4) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

2019-20 വാർഷികപദ്ധതിയുടെ ഭാഗമായി പദ്ധതി ആസൂത്രണത്തിനായി വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ച് അംഗീകരിച്ചു (പഞ്ചായത്ത് കമ്മിറ്റിയുടെ 27-10-18-ലെ തീരുമാനം 2(1)). വിവിധ വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകരിച്ചത്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല.

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>1-5(5) നിർവ്വഹണോദ്യോഗസ്ഥരെ നിശ്ചയിക്കൽ - പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല</u>

പദ്ധതിമാർഗ്ഗരേഖപ്രകാരം പഞ്ചായത്തുകളിലെ എസ് സി പി, ടി എസ് പി പ്രോജക്ടുകളിൽ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ടുകളൊഴികെ ബാക്കിയെല്ലാ പ്രോജക്ടുകളും നിർവ്വഹണം നടത്തേണ്ടത് അസി.സെക്രട്ടറിയാണ്. എന്നാൽ എസ് സി പി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പട്ടികജാതിവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്, എസ്. സി .പി വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിന് സ്കോളർഷിപ്പ്,എസ്.സിവിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, എസ്.റ്റിവിദ്യാർത്ഥികൾക്ക് മേശ ,കസേര എസ്.റ്റി വിദ്യാർത്ഥികൾക്ക്

പഠനസഹായം എന്നീ പ്രോജക്ടുകളുടെ നിർവ്വഹണം നിർവ്വഹണം സ്കൂൾ ഹെഡ്മാസ്റ്ററെയാണ് ഏല്പിച്ചത്. പദ്ധതിരൂപീകരണത്തിലും നിർവ്വഹണത്തിലും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിലുള്ള വീഴ്ച പരിഹാരനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

1-5(6)-നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുശതമാനം

വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്ന പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| കൃഷി ഓഫീസർ | 2876000 | 1798207 | 27.75 |
| ഡയറി | 1750000 | 1091240 | 62.35 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 3474000 | 2993328 | 86.16 |
| മെഡിക്കൽ ഓഫീസർ.പി.എച്ച്.സി | 600000 | 557197 | 92.86 |
| ഹെഡ്മാസ്റ്റർ | 1431085 | 1342246 | 93.79 |
| വി.ഇ.ഒ. | 6737374 | 5185102 | 76.96 |
| അസിസ്റ്റന്റ് സെക്രട്ടറി | 2459000 | 1968507 | 80.05 |
| അസിസ്റ്റന്റ് എൻജിനീയർ | 47767716 | 12000001 | 25.12 |
| സെക്രട്ടറി | 13690119 | 3462509 | 25.29 |
| വെറ്ററിനറി സർജൻ | 6003134 | 1632134 | 27.18 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 600000 | 600000 | 100 |
| ഹെഡ്മാസ്റ്റർ,ഗവ.യു.പി.സ്കൂൾ | 1798533 | 1469227 | 81.69 |
| ആകെ | 80744508 | 51134594 | 63.32 |

1-5(7) വാർഷികപദ്ധതിച്ചെലവ് കേവലം 35% - നഷ്ടമായത് 1.65കോടിരൂപ

പദ്ധതിരൂപീകരണത്തിന്റെ പ്രാഥമികഘട്ടങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ചിരുന്നുവെങ്കിലും അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി അംഗീകാരം കിട്ടിയ 100 പ്രോജക്ടുകളിൽ 39 പ്രോജക്ടുകൾക്കുവേണ്ടി മാത്രമേ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ. പ്രോജക്ടുകൾ അധികവും നടപ്പാക്കാതിരുന്നതും (61എണ്ണം) നടപ്പാക്കിയവയുടെ കാര്യത്തിൽ നിർവ്വഹണഘട്ടത്തിലുണ്ടായ കാലതാമസവും, മാർച്ച്മാസത്തിൽ ട്രഷറിനിയന്ത്രണം മൂലം പൂർത്തീകരിച്ച പല പ്രോജക്ടുകളുടെയും ബിൽ പാസ്സാകാതെ കുവിലാവുകയും ചെയ്തതാണ് മേൽസാഹചര്യത്തിനിടയാക്കിയത്. വകയിരുത്തിയ തുകയുടെ ചെറിയ ശതമാനം മാത്രമേ ചെലവഴിക്കാനായുള്ളൂ. ആയതിനാൽ വിവിധ വിഭാഗങ്ങളിലായി ബജറ്റ്പ്രകാരം അനവദിച്ചിരുന്നതിൽ നടപ്പാക്കാത്ത പ്രോജക്ടുകൾക്കുവേണ്ടിയുള്ള 4342849 /-രൂപയും പാസ്സാകാതിരുന്ന ബില്ലുകളുടെ ആകെത്തുകയായ 1,2231375/-രൂപയും ഉൾപ്പെടെ ആകെ 1,65,74,224 രൂപ (48 ശതമാനത്തിലധികം) വാർഷികപദ്ധതിക്കായി വിനിയോഗിക്കാനാവാതെ നഷ്ടമാവുകയാണുണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അനുവദിച്ച തുക | ചെലവഴിച്ചതുക | നഷ്ടമായത് |
|---|---|---|---|
| വികസനഫണ്ട് -ജനറൽ | 9656460 | 7642853 | 2013607 |

| | | | |
|---|---|---|---|
| റ്റി.എസ്.പി | 209000 | 133750.0 | 75250.00 |
| ധനകാര്യക്കമ്മീഷൻ ഗ്രാന്റ് | 7629881 | 4023026 | 3606855 |
| റോഡ്സംരക്ഷണഗ്രാന്റ് | 1,3255000 | 4289358 | 8965642 |
| സംരക്ഷണഗ്രാന്റ്-റോഡിതരം | 3251000 | 1338130 | 1912870 |
| ആകെ | 34001341 | 1,7427117 | 1,65,74,224 |

ഇപ്രകാരമുള്ള ധനനഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടേയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാങ്കേതിക അനുമതി ലഭിച്ച 132 പ്രോജക്ടുകളിൽ 114 എണ്ണം തൻവർഷം നടപ്പിലാക്കി. 48839 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 862കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു.പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം എന്നിവയും കാലിത്തൊഴുത്ത് നിർമ്മാണം ആട്ടിൻകൂട് നിർമ്മാണം എന്നീ പ്രോജക്ടുകളും ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട് .ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3106 | 1180486 | 1183592 | 1182556 | 1036 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 18358755 | 18358755 | 18358755 | - |

1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18600 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 1022400 | 301 |
| വിധവാപെൻഷൻ | 1509000 | 435 |
| വാർദ്ധക്യകാലപെൻഷൻ | 5160600 | 1488 |
| വികലാംഗപെൻഷൻ | 652100 | 185 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 108000 | 30 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 60000 | 2 |

| |
|---|
| വിവാഹ ധനസഹായം |

1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.03.2021 3.30 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 124108/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഷയങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തരനിയന്ത്രണ സംവിധാനം ചുവടെ വിശകലനം ചെയ്യുന്നു.

ഭരണപരമായ കാര്യങ്ങൾ

കൃത്യമായ ഓഫീസ് ഉത്തരവിലൂടെ പഞ്ചായത്ത് കൈകാര്യം ചെയ്യുന്ന എല്ലാ കാര്യങ്ങളും വിവിധ ജീവനക്കാർക്ക് ഇനം തിരിച്ച് ഏൽപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ജീവനക്കാർ സ്ഥലംമാറ്റം ലഭിച്ചു പോകുമ്പോൾ കൈകാര്യചുമതലയുണ്ടായിരുന്ന ഫയലുകൾ ലിസ്റ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തി ആധികാരികമായി ചുമതലാകൈമാറ്റം നടത്തുന്നില്ല

മേൽവിഷയങ്ങളിൽ സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതാണ്.

കാഷ് ബാങ്ക് അക്കൗണ്ടുകളിൻമേലുള്ള നിയന്ത്രണങ്ങൾ

ഗ്രാമപഞ്ചായത്ത് ധന ഇടപാട് നടത്തുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള എല്ലാ അക്കൗണ്ടുകളുടേയും ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മാനുവൽ രസീതുകൾപ്രകാരവും സാംഖ്യ രസീതുകൾ പ്രകാരവും ലഭിക്കുന്ന കളക്ഷൻ തുകകൾ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും മേൽപരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. കമ്പ്യൂട്ടർ സ്റ്റേഷനറി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ രസീതുബുക്കുകളുടെ സൂക്ഷിപ്പിലും വിതരണത്തിലും വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. ഉദാഹരണമായി പ്രോജക്ടിന്റെ ഭാഗമായ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി കൃഷി ഓഫീസർക്ക് അനുവദിച്ചിരുന്ന രസീതുബുക്കിന്റെ ഒരു രസീതുപോലും ഉപയോഗിക്കാതിരിക്കുകയും ടി ബുക്ക് പഞ്ചായത്തിൽ തിരികെ എൽപ്പിക്കാതിരുന്നതുമായ സാഹചര്യത്തിൽ പുതിയതായി വീണ്ടും രസീതുബുക്ക് അനുവദിച്ചുനൽകുകയുണ്ടായി. ഓഡിറ്റ്സമയത്ത് അപാകത ചൂണ്ടിക്കാണിച്ചപ്പോൾ മാത്രമാണ് വിഷയം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുന്നത്. വിവിധനിർവ്വഹണോദ്യോഗസ്ഥർക്ക് കളക്ഷൻ ഉദ്ദേശത്തിനായി അനുവദിക്കുന്ന ബുക്കുകളുടെ ഉപയോഗം കൃത്യമായി നിരീക്ഷിക്കേണ്ടതും ഉപയോഗത്തിനുശേഷം ബുക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയതിനാൽ കാഷ്, ബാങ്ക് അക്കൗണ്ടുകളിന്മേലും രസീതുബുക്കുകളുടെ സൂക്ഷിപ്പിലും പഞ്ചായത്തിന്റെ നിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതാണ്.

പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി -കൾ സമയബന്ധിതമായി ബാങ്കിൽ നിക്ഷേപിക്കുന്നുണ്ട്. പണം സ്വീകരിക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ പ്രത്യേക സാഹചര്യങ്ങളിൽ ഒരു ദിവസം ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യേണ്ടിവരുമ്പോൾ

ഓരോരുത്തർക്കും അവരവരുടെ ലോഗിനും പാസ് വേഡും ഉപയോഗിക്കുന്നതിനാൽ സുരക്ഷിതമായ രീതിയിൽ പണം കൈകാര്യം ചെയ്യുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു.

<u>ബജറ്റും ബജറ്ററി കൺട്രോളും</u>

ബജറ്റ് തയ്യാറാക്കുന്നതിന് നിയമാനുസൃത നടപടികൾ പൂർണ്ണമായും പാലിക്കുന്നില്ല. ബജറ്റിലൂടെ ഗ്രാമപഞ്ചായത്ത് അതിന്റെ വരവുചെലവുകളെ പൊതുവായി മോണിട്ടർ ചെയ്യുന്നുണ്ടെങ്കിലും ബജറ്റ് ധനവിനിയോഗത്തിലെ സമ്പൂർണ്ണ നിയന്ത്രണത്തിനുള്ള ഒരു ഉപാധിയായി വർത്തിക്കുന്നില്ല.

<u>അക്കൗണ്ടിംഗ് സിസ്റ്റം</u>

സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഗ്രാമ പഞ്ചായത്തിൽ ഉപയോഗിച്ച് വരുന്നു. ധനകാര്യ രേഖകളും പത്രികകളും സ്ഥാപനത്തിന്റെ എല്ലാ ധനകാര്യ ഇടപാടുകളെയും പ്രവർത്തനങ്ങളേയും പൊതുവായി പ്രതിഫലിപ്പിക്കുന്നുണ്ടെങ്കിലും ആസ്തി/ബാധ്യതകളെ ശരിയായി പ്രതിഫലിപ്പിക്കുന്നില്ല. ഓരോ വരവിനങ്ങളും അതിനായി നിശ്ചയിച്ചിട്ടുള്ള നിശ്ചിത ശീർഷകത്തിൽ ത്തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നതിനുള്ള കൃത്യമായ അക്കൗണ്ടിംഗ് രീതിയും അനുവർത്തിച്ചുപോരുന്നില്ല ( ഉദാ ബസ്റ്റാന്റ് ലേലവരവ്). ആയതിനാൽ അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് സ്ഥാപനത്തിലെ ആഭ്യന്തരനിയന്ത്രണസംവിധാനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

<u>രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ്</u>

തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയ വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും യഥാവിധി സൂക്ഷിക്കുന്നുണ്ട്. എന്നാൽ വാടക,ലേലം തുടങ്ങിയ നികുതിയേതരവരവുകൾ സംബന്ധിക്കുന്ന രേഖകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും .ചെലവിനങ്ങളുമായി ബന്ധപ്പെട്ട്__വൗച്ചറുകൾ കൃത്യമായി തയ്യാറാക്കി ചെലവിനാധാരമായ എല്ലാ രേഖകളും സഹിതം ചെലവുനടന്ന ക്രമത്തിൽ നമ്പരിട്ട് ബയന്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. ചെലവിനങ്ങളുമായി ബന്ധപ്പെട്ട്_വൗച്ചറുകൾ കൃത്യമായി തയ്യാറാക്കി ചെലവിനാധാരമായ എല്ലാ രേഖകളും സഹിതം ചെലവുനടന്ന ക്രമത്തിൽ നമ്പരിട്ട് ബയന്റ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്. രജിസ്റ്ററുകളുടേയും രേഖകളുടേയും സൂക്ഷിപ്പിൽ ആഭ്യന്തര നിയന്ത്രണസംവിധാനം കാര്യക്ഷമമാണ്. ഗ്രാമപഞ്ചായത്തിന്റെ ഫർണീച്ചര / ഇലക്ട്രോണിക്സ് ഉപകരണങ്ങൾ/ തെരുവുവിളക്കുകൾ എന്നിവ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. വിവിധ പ്രൊജക്റ്റുകൾ പ്രകാരവും അല്ലാതെയും വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് എൻട്രി നടത്തുന്നുണ്ടെങ്കിലും വാങ്ങിയ സ്ഥാപനത്തിന്റെ പേര്, വില വാറന്റി കാലയളവ് , വിതരണം ചെയ്ത വിവരം എന്നിവ യഥാവിധി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫർണീച്ചർ/ഇലക്ട്രോണിക്സ് ഉപകരണങ്ങൾ/തെരുവുവിളക്കുകൾ എന്നിവ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനവും തൃപ്തികരമാണ്.

<u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് അവസാനമായി നടന്നത് 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലേതാണ്. LBA(HQ)11/8A-2560/16-17/435, തീ 03.03.2017 നമ്പരായ റിപ്പോർട്ടിൽ രണ്ട് പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

<u>1-11 2018-19-,19-20വർഷങ്ങളിലെ ടെൽഡർഫീസ് ഇനത്തിലുള്ള തുക ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല</u>

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന നടപ്പാക്കുന്ന മരാമത്തുവേലകളുടെ ടെൻഡർ ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് മേൽനിർദ്ദേശാനുസരണം ഇ- ടെണ്ടറിനായി പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. ആയതിനാൽ നിലവിലും ഇ-ടെൻഡർ ഫീസിനത്തിലുള്ള തുക എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ആണ് നിക്ഷേപിക്കപ്പെടുന്നത്. 2018 -19, 2019-20 വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ടെൻഡർഫീസിനത്തിൽ (ജി.എസ്.റ്റി ഉൾപ്പെടെ) ലഭ്യമാകേണ്ട തുകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് | എസ്റ്റിമേറ്റ്തുക | ലഭിച്ച ടെൻഡറുകൾ | കണക്കാക്കിയ ടെൻഡർഫീസ് (ജി എസ്.റ്റി) | ആകെത്തുക |
|---|---|---|---|---|---|
| 1 | 28/18-19ഇടയാല-നരിവേലി റോഡ് | 500000 | 5 | 1000+120 | 5000+600 |
| 2 | 31/18-19 വലിയകണ്ടം-കാഞ്ഞിരത്താനം റോഡ് | 550000 | 5 | 1100+132 | 5500+660 |
| 3 | 33/18-19 താന്നിക്കത്തറപ്പേൽ-തേക്കിലംകാട് റോഡ് | 700000 | 5 | 1400+168 | 7000+848 |
| 4 | 38/18-19 കോഴ-കൊല്ലംകോട് റോഡ് | 500000 | 3 | 1000+120 | 3000+ 360 |
| 5 | ഗാന്ധിഗ്രാം ഞരളമറ്റം റോഡ് | 1050000 | 5 | 2100+ 252 | 10500+1260 |
| 6 | 41/18-19 ഗോവിന്ദപുരം താന്നിക്കൽ റോഡ് | 1050000 | 3 | 2100+252 | 10500+ 1260 |
| 7 | 42/18-19 മുതിരക്കാല വട്ടമറ്റം റോഡ് | 750000 | 8 | 1500+180 | 12000+1440 |
| 8 | 46/18-19 പകലോമറ്റം നസ്രത്തുഹിൽ റോഡ് | 600000 | 5 | 1000+120 | 5000+600 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 9 | 74/18-19 എൻ.എസ് വായനശാല-തേനംകുന്ന് റോഡ് | 720000 | 5 | 1440+173 | 7200+865 |
| 10 | 104/18-19 ബസ്റ്റാന്റിൽ ഓപ്പൺസ്റ്റേജ് | 521500 | 3 | 1043+125 | 3129+375 |
| 11 | 107/18-19 സെന്റ്മേരീസ് ഗേൾസ്ഹൈസ്കൂളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ് | 1200000 | 4 | 2400+288 | 9600+1152 |
| 12 | 108/18-19 മാപ്പിളപ്പറമ്പിൽ കുഞ്ഞേട്ടൻ സ്മാരകറോഡ് | 1000000 | 3 | 2000+240 | 6000+720 |
| 13 | 109/18-19 പാവുത്തിയേൽ ഇലക്കാട് റോഡ് | 600000 | 2 | 1200+144 | 2400+288 |
| 14 | 113/19-20 കുന്നത്തോലി-കുടിവെള്ളപദ്ധതി | 500000 | 2 | 1000+120 | 2000+240 |
| 15 | 112/18-19 നസ്രത്തുഹിൽ കുടുംബക്ഷേമകേന്ദ്രം മെയിന്റനൻസ് | 525000 | 2 | 1050+126 | 2100+252 |
| 16 | ഷോപ്പിംഗ് കോംപ്ലക്സ് ഒന്നാംനില പൂർത്തീകരണം | 1400000 | 3 | 2800+336 | 8400+1008 |
| | 2019-20 | | | | |
| 1 | 59/19-20, കളത്തൂർ ഗവ. യുപി എസ് കമ്പ്യൂട്ടർ ലാബ് | 750000 | 2 | 1500+180 | 3000+360 |
| 2 | മൂലങ്കുഴ -മദർതെരേസ | 700000 | 3 | 1400+168 | 4200+504 |

| | | | | | |
|---|---|---|---|---|---|
| | കനാൽറോഡ് | | | | |
| 3 | 80/19-20<br>ഞരളകുളം -നെട്ടമറ്റം റോഡ് ടാറിംഗ് | 1271000 | 3 | 2600+312 | 7800+936 |
| 4 | 193/19-20<br>മഹാത്മാഗാന്ധി പനങ്കുഴി റോഡ് | 600000 | 2 | 1200+144 | 3600+432 |
| 5 | 208/19-20<br>പാറ്റാനി വലിയതോട് ഓട | 2700000 | 2 | 5400+648 | 10800+1296 |
| 6 | 195/19-20<br>മുണ്ടുവേലി ഇടശ്ശേരി റോഡ്നിർമ്മാണം | 600000 | 2 | 1200+144 | 2400+288 |

ടെൻഡർഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുക എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽനിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിൽ ജി.എസ്.റ്റി ഇനത്തിലുള്ള തുക നിശ്ചിത ശീർഷകത്തിൽ ബന്ധപ്പെട്ട വകുപ്പിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്. കൂടാതെ ചീഫ് എൻജിനീയറുടെ മേൽ സർക്കുലറിലെ നിർദ്ദേശാനുസരണം ഇ-ടെൻഡർഫീസിനത്തിലുള്ള വരുമാനം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിനായി പ്രത്യേകബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

<u>1-12 തൊഴിൽനികുതി- ഓഡിറ്റ് ഇംപാക്ട്</u>

ഓഡിറ്റ് എൻക്വയറി (നം.01/05.03.21) നൽകിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വേളയിൽ തന്നെതാഴെ പറയും പ്രകാരം തൊഴിൽ നികുതി ഇനത്തിൽ തുക അടവാക്കിയിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | നികുതിയിനം | അടവാക്കിയ തുക | രസീത് നം. |
|---|---|---|---|---|
| 1 | സിൻഡിക്കേറ്റ് ബാങ്ക് | ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി | 10304 | 120030400032,120030400033/12.03.21 |
| 2 | ദേവമാതാ കോളേജ് എംപ്ലോയീസ് കോപ്പറേറ്റീവ് സൊസൈറ്റി | ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി | 2550 | 120030104407/09.03.21,<br>120030104494/10.03.21 |
| 3 | എൻആർഇജിഎസ് ജീവനക്കാർ,ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | ജീവനക്കാരുടെ തൊഴിൽനികുതി | 4500 | 120030104418,120030104420/09.03.21 |
| | ആകെ | | 17354 | |

1-13-1 വാടക കുടിശ്ശിക നിലനിൽക്കുന്നു

2019-20 വാർഷിക ധനകാര്യപത്രിക പ്രകാരം വാടകയിനത്തിൽ 255,339 രൂപ തൻവർഷകുടിശ്ശികയും 422267 മുൻവർഷകുടിശ്ശികയും ഉള്ളതായി കാണുന്നു.വാടക രജിസ്റ്ററിൽ കുടിശ്ശിക സംബന്ധിക്കുന്ന പൂർണ്ണമായ വിവരങ്ങൾ ചേർത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/07.03.2021)ലഭ്യമാക്കിയ മറുപടിയിൽ വാടക കുടിശ്ശിക സംബന്ധിക്കുന്ന പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വാടക മുഖ്യവരുമാന സ്രോതസ്സായ പഞ്ചായത്തിൽ ഉയർന്ന തുക വാടക കുടിശ്ശികയിനത്തിൽ നിലനിൽക്കുന്നത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു.വാടകകുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13-2 മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല.

പഞ്ചായത്ത് ഉടമസ്ഥതയിൽ 6 കെട്ടിടങ്ങളിലായി 87 മുറികൾ വാടകയ്ക്ക് നൽകാനായുണ്ട്.ആയതിൽ 2019-20 വർഷത്തിൽ 14 മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല.കുറവിലങ്ങാട് ടൗൺ ഭാഗത്ത് സ്ഥിതി ചെയ്യുന്ന മീൻ മാർക്കറ്റ്കെട്ടിടം,എം.സി. റോഡരികിലുള്ള ബസ്സ്റ്റാൻഡ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് എന്നീ കെട്ടിടങ്ങളിലാണ് മുറികൾ ഒഴിഞ്ഞ് കിടക്കുന്നത്.മുറികൾ ഒഴിഞ്ഞ് കിടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13-3 ബൈലോ

ഉയർന്ന തനത് വരുമാനമുള്ള പഞ്ചായത്തിന്റെ മുഖ്യവരുമാന സ്രോതസ്സ് വാടകയാണ്.6 കെട്ടിടങ്ങളിലായി 87 മുറികൾ പഞ്ചായത്തിന്റെ ആസ്തിയായുണ്ട്. കൂടാതെ ബസ് സ്റ്റാൻഡ്,കംഫർട്ട് സ്റ്റേഷൻ,ക്രിമറ്റോറിയം,ഓപ്പൺ സ്റ്റേജ്,കമ്മ്യൂണിറ്റി ഹാൾ തുടങ്ങി നിരവധി വാടക വരുമാന സ്രോതസ്സുകളുണ്ട്.വാടകയുമായി ബന്ധപ്പെട്ട ബൈലോ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (3/07.03.2021)നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല..പ്രധാന കെട്ടിടങ്ങളുടെ സ്ഥാനം എം.സി.റോഡിനോട് ചേർന്നാണെന്നുള്ളത് അവയുടെ വാടകമൂല്യം വർദ്ധിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ കാലാനുസൃതമായി പുതുക്കിയ ബൈലോയ്ക്ക് രൂപം നൽകേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വാടക സംബന്ധിക്കുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതുമാണ്.

1-14 ബസ്സ്റ്റാൻഡ് ,കംഫർട്ട് സ്റ്റേഷൻ - കുടിശ്ശിക

2019-20 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ബസ്സ്റ്റാൻഡ് ടോൾ പിരിവിനത്തിൽ 79250രൂപ കുടിശ്ശികയുള്ളതായി കാണുന്നു.കൂടാതെ കംഫർട്ട് സ്റ്റേഷൻ പിരിവിനത്തിൽ 89080 രൂപ കുടിശ്ശികയുള്ളതായും കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/09.03.2021)ലഭ്യമാക്കിയ മറുപടിയിൽ ബസ്സ്റ്റാൻഡ് ടോൾ പിരിവിനത്തിൽ കുടിശ്ശികയുള്ള 79250 രൂപയിൽ 29250 രൂപ മുൻബാക്കി നിൽക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.മുൻവർഷ കുടിശ്ശികയായ തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ശേഷിക്കുന്ന

50000 രൂപ 2018-19 വർഷത്തെ ലേലത്തുയാണെന്നും നിലവിൽ 15000 രൂപ അടവാക്കിയിട്ടുണ്ടെന്നും( 09.02.2021 ലെ 120030103189 നമ്പർ രസീത് പ്രകാരം) പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .കംഫർട്ട് സ്റ്റേഷൻ പിരിവിനത്തിൽ കുടിശ്ശികയുള്ള 89080 രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കുമെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.എന്നാൽ മേൽ കുടിശ്ശിക സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ബസ്സ്റ്റാൻഡ് ,കംഫർട്ട് സ്റ്റേഷൻ എന്നിവ ലേലം ചെയ്യുന്നത് സംബന്ധിച്ച

കരാറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.കരാറില്ലാതെ ലേലം ഉറപ്പിച്ച് നൽകുന്നത് ശരിയായ നടപടിക്രമമല്ല.ഭാവിയിൽ അപാകതകൾ ഓഴിവാക്കേണ്ടതാണ്.

1-15 വിതരണം ചെയ്ത രസീത് ബുക്ക് ഉപയോഗിക്കാതെ സൂക്ഷിച്ച

കൃഷി ഓഫീസർ,കുറവിലങ്ങാടിന് മാനുവൽ രസീത് ബുക്കുകൾ താഴെപ്പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം | രസീത് ബുക്ക് നമ്പർ | വിതരണം ചെയ്ത തീയതി |
|---|---|---|
| 1 | 19594 | 01.08.2019 |
| 2 | 19598 | 04.12.2019 |
| 3 | 1502 & 1503 | 04.03.2020 |
| 4 | 1505 | 23.09.2020 |

രസീത് ബുക്കുകളുടെ പരിശോധനയിൽ 19594 നമ്പർ രസീത് ബുക്ക് ക്യാഷ് കളക്ഷനായി നാളിതുവരെ ഉപയോഗിച്ചിട്ടില്ല.മേൽ രസീത് ഉപയോഗിക്കാതെ മറ്റ് 4 രസീത് ബുക്കുകൾ കൂടി വിതരണം ചെയ്യുകയും ആയവ ക്യാഷ് കളക്ഷനായി ഉപയോഗിച്ചതായും കാണുന്നു.കൂടാതെ മേൽ പരാമർശിതമായ രസീത് ബുക്ക് സർട്ടഫിക്കറ്റ് ചെയ്യാതെയാണ് വിതരണം നടത്തിയിരിക്കുന്നത് .ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/08.03.2021)നൽകിയ മറുപടിയിൽ പഞ്ചായത്തിൽ നിന്നും രസീത് ബുക്ക് സാക്ഷ്യപ്പെടുത്തി നൽകാത്തതിനാൽ സാക്ഷ്യപ്പെടുത്തുന്നതിനായി സൂക്ഷിച്ചിരുന്നുവെന്നും പിന്നീട് മേൽ രസീത് ബുക്ക് ഉപയോഗിക്കുവാൻ വിട്ടുപോയിയെന്നും അറിയിച്ചിട്ടുണ്ട്.പ്രളയം നിമിത്തം ഗുണഭോക്തൃവിഹിതം സമാഹരിക്കുന്നത് തടസ്സപ്പെട്ടതും പുതിയ കൃഷി ഓഫീസർ ചാർജ്ജെടുത്ത സമയത്ത് രസീതിന്റെ വിവരം നിലവിൽ ചാർജ്ജുണ്ടായിരുന്ന കൃഷി ഓഫീസർ അറിയിക്കാതിരുന്നതും ഈ അപാകതയ്ക്ക് കാരണമായെന്ന വിശദീകരണമാണ് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയിരിക്കുന്നത്.രസീത് ബുക്കുകൾ വിതരണം നടത്തുന്നതിലും ഉപയോഗിക്കുന്നതിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.സാമ്പത്തിക വർഷാവസാനത്തിൽ നിർവ്വഹണോദ്യോഗസ്ഥർക്ക് തൻവർഷം നൽകിയ രസീത് ബുക്കുകൾ തിരികെ വാങ്ങി പരിശോധന നടത്തേണ്ടതും രസീത് ഉപയോഗവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. 19594 നമ്പർ രസീത് ബുക്ക് തിരികെവാങ്ങി സർട്ടിഫിക്കറ്റ് ചെയ്ത് പുനർവിതരണം നടത്തേണ്ടതാണ്.

1-16 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് നിലനിൽക്കുന്നു

ദീർഘകാലമായി ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ട് പഞ്ചായത്തിൽ നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ടിന്റെ വിവരം | ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക | റിമാർക്സ് |
|---|---|---|---|
| 1 | കുറവിലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം. | 4771/- (31.03.2020 തീയതിയിൽ) | തനത് ഫണ്ട് അക്കൗണ്ട് |

| | | | |
|---|---|---|---|
| | 502 | | |

08.09.2015മുതൽ പ്രസ്തുത അക്കൗണ്ടിൽ യാതൊരു ഇടപാടുകളും ഇല്ല.തനത് ഫണ്ട് നിലവിൽ കൈകാര്യം ചെയ്യുന്നത് കേരള ബാങ്ക് കുറവിലങ്ങാട് ശാഖയിലെ 050151203000001എന്ന അക്കൗണ്ടിലൂടെയാണ്. നിഷ്ക്രിയമായി തുടരുന്ന അക്കൗണ്ട് സംബന്ധിച്ച് ഭരണസമിതി ഉചിതതീരുമാനം കൈക്കൊള്ളേണ്ടതാണ്.

<u>1-17 ലൈസൻസ്</u>

2019-20 സാമ്പത്തികവർഷം ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ഗ്രാമ പഞ്ചായത്തിലെ 14 വാർഡുകളിലായി 494 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. . കൂടാതെ സഞ്ചയ പ്രകാരം 1392 കെട്ടിടങ്ങൾക്ക് വാണിജ്യ ആവശ്യങ്ങൾക്കായുള്ള വിവിധ ഗണങ്ങളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 449സ്ഥാപനങ്ങൾക്ക് മാത്രമാണ് ഡി&ഒ ലൈസൻസ് നൽകിയിട്ടുള്ളത്.

ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിലും 45 സ്ഥാപനങ്ങൾക്ക് കുറവായാണ് ലൈസൻസ് നൽകിയിരിക്കുന്നത്.ഇതിൽ നിന്നും നിരവധി സ്ഥാപനങ്ങൾ ആവശ്യമായ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നു.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കിന്ന വിവിധ സ്ഥാപനങ്ങൾ ആവശ്യമായ ലൈസൻസോട് കൂടി പ്രവർത്തിക്കിന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

<u>1-18 ആയുർവേദാശുപത്രി മെയിന്റനൻസ്- ലഭ്യമായ തുകയിൽ വിനിയോഗിക്കാൻ സാധിക്കാത്ത തുക തിരികെ അടയ്ക്കേണ്ടതാണ്</u>

ആയുർവേദാശുപത്രിയുടെ മെയിന്റനൻസിനായി 1280000 രൂപ ജില്ലാ മെഡിക്കൽ ഓഫീസർ ISM ൽ നിന്ന് 20/03/2017ൽ ലഭ്യമായിരുന്നു . മെയിന്റനൻസിനായി 17-18 വർഷം 112248 രൂപ വിനിയോഗിച്ചിരുന്നു.ബാക്കി 15752 രൂപ തനത്ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. ടി തുക ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക തിരികെ അടവാക്കി പഞ്ചായത്തിന്റെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്

<u>1-19 ഹോമിയോ ആശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും - ഏകീകൃത വാങ്ങൽ സംവിധാനത്തിലൂടെ നടത്തിയിട്ടില്ല</u>

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

| | |
|---|---|
| പ്രോജക്റ്റ് നം | 171/20 |
| അടങ്കൽ | 40000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | ബിൽ നം. 239/27/2/2020-38500 |

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയഭരണസ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, ലാപ്പ് ടോപ്പുകൾ, പ്രിന്ററുകൾ തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾ ഒരു ഓൺലൈൻ സർക്കാർ പോർട്ടലിലൂടെ(Www.Cprcs.Kerala.Gov.In) വാങ്ങണമെന്ന് 18/11/2017 ലെ സ.ഉ (എം എസ് ) 24/2017/ITD നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ റ്റി മിഷൻ തയ്യാറാക്കിയ സ്പെസിഫിക്കേഷനിലുള്ള ഐ. റ്റി ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്ത് വില നിശ്ചയിച്ച് വകുപ്പുകളിൽ വർക്ക് ഓർഡറിന്റെ അടിസ്ഥാനത്തിൽ വിതരണം നടത്തുന്നതിനുള്ള സൗകര്യമാണ് ഈ സംവിധാനത്തിലൂടെ ഒരുക്കിയിരിക്കുന്നത്.എന്നാൽ ഗ്രാമപഞ്ചായത്തിൽ

ഹോമിയോ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങിയത് ടെണ്ടർ നടപടികളിലൂടെ കടവിൽ ഇൻഫോപാർക്ക് എന്ന സ്ഥാപനത്തിൽ നിന്നാണ്. ഇതിനായി 38500രൂപ ചെലവഴിച്ചിട്ടുണ്ട് .സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടപടികൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ പദ്ധതി അടങ്കൽ തുക പര്യാപ്തമാകും വിധം തദവസരത്തിൽ സർക്കാർ ഓൺലൈൻ പോർട്ടലിൽ ലഭ്യമല്ലാതിരുന്നതിനാലും പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കേണ്ടിയിരുന്നതിനാലുമാണ് ടെണ്ടർ നടപടികളിലൂടെ വാങ്ങിയത് എന്ന് അറിയിച്ചു. സർക്കാർ നിർദ്ദേശം പാലിച്ച് വാങ്ങൽ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-20-1 പാലിയേറ്റീവ് കെയർ -പുനർഉപയോഗസാധ്യമായ പരിചരണസാമഗ്രികൾ

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ 12.11.2019 ലെ യോഗം പരിചരണസാമഗ്രികൾ നശിപ്പിച്ച് കളഞ്ഞവരുടേയും തിരിച്ച് തരാത്തവരുടേയും ലിസ്റ്റ് എടുക്കാൻ തീരുമാനിച്ചതായി കാണുന്നു.28.09.2019 ലെ യോഗത്തിലും മേൽ വിഷയം ചർച്ച ചെയ്തതിട്ടുള്ളതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/09.03.2021)ലഭ്യമാക്കിയ മറുപടിയിൽ പരിചരണസാമഗ്രികൾ തിരികെ വാങ്ങിയതായി അറിയിച്ചിട്ടുണ്ട് .പരിചരണസാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും പുനർഉപയോഗസാധ്യമായവ കൃത്യമായി പരിപാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-20-2 പാലിയേറ്റീവ് കെയർ പ്രോജക്ട് - മരുന്നുകൾ ലഭ്യമായില്ല.

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - സി എച്ച് സി |
| അടങ്കൽ | 100000 (ജനറൽ ഫണ്ട് പൊതുവിഹിതം) |
| ബിൽ നം | 23/19-20(29.03.2020) – 11445/-<br>27/19-20(31.03.2020) – 88552/- |
| ചെലവ് | 99997 |

പാലിയേറ്റീവ് രോഗികൾക്ക് പരിചരണം നല്കുന്നതിനായി ഉപകരണങ്ങൾ ,മരുന്ന് എന്നിവ വാങ്ങുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം 99997/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനു 29.03.2020,31.03.2020 തീയതികളിലായി കൈമാറിയിട്ടുണ്ട്.18319/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത് . ഉപകരണങ്ങൾ ,മരുന്നുകൾ എന്നിവ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ 81678/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - സി എച്ച് സി |

| | |
|---|---|
| അടങ്കൽ | 500000 (ജനറൽ ഫണ്ട് പൊതുവിഹിതം) |
| ബിൽ നം | 26/19-20 – 31.03.2020 |
| ചെലവ് | 61720 |

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ഭാഗമായി മരുന്നുകൾ,അനുബന്ധ സാമഗ്രികൾ തുടങ്ങിയവ വാങ്ങുന്നതിനായി 61720/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷനു 31.03.2020 തീയതിയിൽ കൈമാറിയിട്ടുണ്ട്. 22232/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത് . ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ 39488/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 സ്ഥാപനതല മാലിന്യ സംസ്കരണം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്ഥാപനതല മാലിന്യ സംസ്കരണം (100/19-20) |
| നിർവ്വഹണോദ്യാഗസ്ഥൻ | വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ |
| അടങ്കൽ തുക | 45000(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക | 44000 |
| ബിൽ നം. | 8/19-20 (11.03.2020) |

ശുചിത്വ മിഷന്റെ ഭാഗമായി ജില്ലയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ജൈവഅജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട കോട്ടയം ജില്ലാ കളക്ടറുടെ 28/01/2020 ലെ 2085/2019/DSM/KTM ഉത്തരവ് പ്രകാരം മേൽ പ്രോജക്ടിലൂടെ പഞ്ചായത്തിലെ വിവിധ സർക്കാർ ഓഫീസുകളിൽ ബയോപോട്ടുകൾ വിതരണം ചെയ്തിട്ടുണ്ട്. പോട്ട് ഒന്നിനു 2000 രൂപ നിരക്കിൽ നോർതാംപ്സ് ഇഎൻവി സൊല്യൂഷൻ, റിഫൈനറി റോഡ് ഇരുമ്പനം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ബയോപോട്ടുകൾ വിതരണം ചെയ്തിട്ടുള്ള പഞ്ചായത്ത് ഓഫീസ്, കുടുംബശ്രീ ഓഫീസ്, കേരള ബാങ്ക് കുറവിലങ്ങാട് ബ്രാഞ്ച്, വി ഇ ഒ ഓഫീസ് അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി ഓഫീസ് എന്നിവിടങ്ങളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ പഞ്ചായത്ത് ഓഫീസ് ഒഴികെയുള്ള ഓഫീസുകളിലൊന്നും ബയോപോട്ടുകൾ മാലിന്യസംസ്കരണത്തിനായി ഉപയോഗിക്കുന്നില്ലെന്ന് കണ്ടു. മാത്രമല്ല കളക്ടറുടെ ഉത്തരവിൽ പറയും പ്രകാരം ബിന്നുകൾ സ്ഥാപിച്ചതല്ലാതെ കമ്പോസ്റ്റിംഗ് ഉപാധികൾ സ്ഥാപിക്കൽ മുതലായ തുടർ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. തുടർപ്രവർത്തികൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/15.03.2021) നിർവ്വഹണോദ്യാഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ബയോപോട്ടുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് കൃത്യമായ പരിശീലനം നൽകിയതാണെന്ന് അറിയിച്ചിട്ടുണ്ട്. വിതരണം നടത്തിയ ബയോപോട്ടുകൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ മാലിന്യസംസ്കരണം സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർണ്ണമായും നിർവ്വഹിക്കേണ്ടതാണ്.

## 1-22 അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ

അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ -

പുതിയ പ്രോജക്ടുകൾ നടപ്പാക്കുന്നില്ല

2019-20 വർഷികപദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയറുടെ ചെലവ് 25 ശതമാനം മാത്രമാണ്.

സ്പിൽ ഓവർ ഉൾപ്പെടെ നിർവ്വഹണച്ചുമതലയുണ്ടായിരുന്ന 100 പ്രോജക്ടുകളിൽ 39 പ്രോജക്ടുകൾക്കുവേണ്ടി മാത്രമേ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ. 70 പ്രോജക്ടുകൾ പുതിയതായി ആവിഷ്കരിച്ചിരുന്നെങ്കിലും 57 എണ്ണവും നടപ്പാക്കിയിട്ടില്ല. കേവലം 13 പ്രോജക്ടുകളാണ് ഭാഗികമായെങ്കിലും നടപ്പാക്കിയത്. ആയതിനാൽ വാർഷികപദ്ധതിക്കായി ലഭിച്ച സർക്കാർഗ്രാന്റ് നഷ്ടമാവുകയും സ്പിൽ ഓവർവിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ പ്രോജക്ട് പൂർത്തിയാക്കാൻ അടുത്തവർഷത്തേക്കുള്ള പദ്ധതിത്തുകയിൽനിന്നും ചെലവ് കണ്ടെത്തേണ്ടതായും വരുന്നു. ഓരോ വാർഷികപദ്ധതികളിലും ഈ സാഹചര്യം ആവർത്തിക്കുന്നു.

വാർഷികപദ്ധതികൾക്കായി സർക്കാർ ലഭ്യമാക്കുന്ന ധനസഹായം പരമാവധി പ്രയോജനപ്പെടുത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റെ വികസനസാധ്യതകളെ പരിമിതപ്പെടുത്തുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും പ്രത്യക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

പാർട്ട്ബിൽ നൽകുമ്പോൾ സർക്കാർ ഗ്രാന്റ് വിനിയോഗിക്കാതെ തനതുഫണ്ട് ചെലവഴിക്കുന്നു.

സർക്കാർ ഗ്രാന്റുകളും തനതുഫണ്ടും വകയിരുത്തുകയും ചെയ്യുന്ന പ്രോജക്ടുകൾക്ക്, പ്രവൃത്തി ഭാഗികമായി മാത്രം പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ തൻവർഷം പാർട്ട്ബിൽ തുക അനുവദിക്കുമ്പോൾ പ്രോജക്ടിന് വകയിരുത്തിയ സർക്കാർ ഗ്രാന്റ് വിനിയോഗിക്കാതെ വകയിരുത്തിയ തനതുഫണ്ട് ചെലവഴിക്കുന്നതായി കാണുന്നു. ഇക്കാരണത്താൽ ഗ്രാന്റ് നഷ്ടപ്പെടുന്നതിനും തനതുവരുമാനത്തിൽ കുറവുണ്ടാകുന്നതിനും ഇടയാകുന്നു. നടപ്പുവർഷം സർക്കാർഗ്രാന്റ് പരമാവധി വിനിയോഗിക്കുകയും ഫൈനൽബിൽ പരിഗണിക്കുമ്പോൾ തനതുഫണ്ട് ചെലവഴിക്കുകയും ചെയ്യുകവഴി ഗ്രാന്റ്നഷ്ടവും തനതുഫണ്ട് അക്കൗണ്ടിലെ പലിശവരവിലുണ്ടാകുന്ന നഷ്ടവും ഒഴിവാക്കാവുന്നതാണ്.

1-23 കുടിവള്ളപദ്ധതിക്ക് ടാങ്ക്നിർമ്മാണം-പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 122/19-20 കാഞ്ഞിരംകുളം-വട്ടക്കണ്ടം കുടിവെള്ള പദ്ധതി |
| അടങ്കൽ | 550000/-(ധനകാര്യക്കമ്മീഷൻ അവാർഡ്തുക) |
| ചെലവ് | 305584/- |
| ബിൽനമ്പർ | 9/5-4-19 |
| അളവുപുസ്തകം | 2/18-19 |
| കരാറുകാരൻ | റജിമോൻ കെ.ജി |
| കരാർതീയതി | 7-6-18 |
| | |

ഗ്രാമപഞ്ചായത്തിലെ രണ്ടാംവാർഡിൽ ഉൾപ്പെട്ട കുടിവെള്ളപദ്ധതിയുടെ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫെറോസിമന്റ് ടാങ്കിന്ചോർച്ചയുള്ളതിനാലും ടാങ്കിന്റെ കപ്പാസിറ്റി കുറവായതിനാലും പുതിയ ടാങ്ക് നിർമ്മിക്കുന്നതിനുവേണ്ടിയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. 2017-18 വർഷം ഏകവർഷപ്രോജക്ടായി അംഗീകാരം കിട്ടിയെങ്കിലും തൻവർഷം പ്രവൃത്തി നടപ്പാക്കിയിട്ടില്ല. 2018-19- ൽ എസ്റ്റിമേറ്റിലെ 1 മുതൽ 5 വരെയുള്ള പ്രവൃത്തി ഇനങ്ങൾ ഭാഗികമായി നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പാർട്ട്ബിൽ കൃലിസ്റ്റിലാവുകയും 2019-20-ൽ നിയമാനുസൃത റിക്കവറികൾക്കുശേഷം 262802/- രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തു. അളവുപുസ്തകം

പരിശോധിച്ചതിൽ എസ്റ്റിമേറ്റിലെ ക്രമനമ്പർ 7വരെയുള്ള ബാക്കി പ്രവൃത്തി ഇനങ്ങൾ നടപ്പാക്കിയതായി 2-4-19-മുതൽ 26-4-19വരെയുള്ള തീയതികളിൽ അളവുരേഖപ്പെടുത്തിക്കാണുന്നു. (പേജ് 14മുതൽ 23വരെ). എന്നാൽ ആയത് ഉപരിപരിശോധനനടത്തി ആധികാരികമാക്കിയിട്ടില്ല. 2020-21 വർഷം സ്പിൽ ഓവറായി പ്രോജക്ട് തുടർന്നുവെങ്കിലും ഓഡിറ്റ് തീയതി വരെ റൂഫിംഗ്, പൈപ്പ് കണക്ഷൻ തുടങ്ങിയ പ്രവൃത്തി ഇനങ്ങൾ നടപ്പാക്കി നാളിതുവരെ പദ്ധതി പൂർത്തീകരിക്കുകയോ ഫൈനൽബിൽ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

കരാർ പ്രകാരം പൂർത്തീകരണസമയം 6 മാസം മാത്രം അനുവദിച്ചിരുന്ന പ്രോജക്ടിനുവേണ്ടി 7-6-18-ൽ കരാർവച്ച് 16-6-18-ൽ സ്ഥലം കൈമാറുകയും ചെയ്തിരുന്നു. എന്നാൽ പണികൾ നടത്താതിരുന്നതിനാൽ ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും കരാറിനു വിരുദ്ധമായി പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വരുത്തുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊണ്ടും രണ്ട്തവണ കരാറുകാരന് രേഖാമൂലം അറിയിപ്പു നൽകിയിരുന്നു. എന്നാൽ കരാറുകാരൻ ഇതുസംബന്ധിച്ച് യാതൊരു മറുപടിയും നൽകിയിട്ടില്ലെന്നുമാത്രമല്ല സ്ട്രക്ച്ചർ പോലും പൂർത്തിയാക്കാതെ എസ്റ്റിമേറ്റിലെ ഭാഗികമായ ഇനങ്ങൾ മാത്രം നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ 29-3-19-ൽ പാർട്ട്ബിൽ തയ്യാറാക്കി കരാറുകാരന് തുക അനുവദിക്കുകയാണുണ്ടായത്.

കൂടാതെ ടാങ്ക് പണിയുന്നതിന് സ്വകാര്യവ്യക്തി സ്ഥലംസറണ്ടർ ചെയ്തുനൽകിയെങ്കിലും പോക്കുവരവു നടത്തി പഞ്ചായത്തിന്റെ ആസ്തിയിലാക്കിയിട്ടില്ല. പ്രോജക്ട് പൂർത്തിയാക്കാത്തതിന്റെ കാരണം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ പദ്ധതിപൂർത്തിയാക്കിയിട്ടുള്ളതായി ആധികാരികമായ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല. പ്രസ്തുത സാചര്യത്തിൽ പ്രോജക്ടിനായി ഇതിനോടകം നടത്തിയിട്ടുള്ള 305584/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-24 അങ്കനവാടികൾക്ക് വാട്ടർപ്യൂരിഫയർ- വാങ്ങിയ ഉപകരണങ്ങൾ നിശ്ചിത ലക്ഷ്യത്തിനായി പ്രയോജനപ്പെടുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | 139/20 അങ്കനവാടികൾക്ക് ഉപകരണങ്ങൾ |
| അടങ്കൽ | 270000 (റോഡിതരസംരക്ഷണഗ്രാന്റ്) |
| ചെലവ് | 235695/- ( 11-4-20 ) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |

ശുദ്ധമായ കുടിവെള്ളത്തിന് വാട്ടർപ്യൂരിഫയർ അനുവദിക്കണമെന്ന സാമൂഹ്യനീതി മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ പദ്ധതിനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള 19അങ്കണവാടികൾക്കും ശുദ്ധജലം ഉറപ്പാക്കുന്നതിനായി വാട്ടർപ്യൂരിഫയർ വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കുകയും ടെൻഡർ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ യൂണിറ്റി എന്റർപ്രൈസസ് എന്ന സ്ഥാപനം ആയവ അങ്കണവാടികൾക്ക് വിതരണം ചെയ്യുകയും ചെയ്തു. എന്നാൽ ഏതാനും ചില അങ്കണവാടികളിൽ മാത്രമേ പ്യൂരിഫയർ നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളൂ എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. കൂടാതെ സ്ഥാപനവുമായി വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചിട്ടുമില്ല. മാത്രമല്ല, വാട്ടർ കണക്ഷൻ ഇല്ലാത്തതിനാലും പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും വാട്ടർപ്യൂരിഫയർ നൽകിയിട്ടുള്ള പല അങ്കണവാടികളിലും ആയത് ഉപയോഗിക്കുന്നില്ലാത്ത

സാഹചര്യവും നിലനിൽക്കുന്നു. ആവശ്യാധിഷ്ഠിതമല്ലാതെയും അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെയും പ്യൂരിഫയർ വാങ്ങിയതാണ് മേൽസാഹചര്യത്തിനിടയാക്കിയത്. ടെൻഡർപ്രകാരം ഒരു വർഷം മാത്രമാണ് വാറന്റി കാലയളവ്. ശുദ്ധജലം ഉറപ്പാക്കുക എന്ന പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ ഇതിനായി നടത്തിയ ചെലവ് പാഴായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു .

അങ്കണവാടികളിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളൊരുക്കി വാങ്ങിയ എല്ലാ പ്യൂരിഫയറുകളും സ്ഥാപിച്ച് ഉപയോഗപ്പെടുത്തുന്നതിനും വാറന്റികാലയളവ് അവസാനിക്കുന്നതിനു മുൻപ് സ്ഥാപനവുമായി ബന്ധപ്പെട്ട് കേടായ എല്ലാ ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-25 പൊതുകിണറുകൾക്ക് കവറിംഗ്/ വല സ്ഥാപിക്കൽ - തുടർസംരക്ഷണപ്രവർത്തങ്ങൾക്കുള്ള നടപടികളില്ല

ഗ്രാമപഞ്ചായത്തിലെ പൊതുകിണറുകളും കുടിവെള്ളസ്രോതസ്സുകളും സംരക്ഷിക്കുന്നതിനായി 2017-18 മുതൽ 2019-20 വരെയുള്ള വാർഷികപദ്ധതികളിൽ വിവിധ പ്രോജക്ടുകൾ പ്രകാരം 11ലക്ഷത്തിലധികം - രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പദ്ധതിവർഷം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| 105/17-18 | 2017-18 | 600000 (സി.എഫ്.സി)<br>50000 (തനതുഫണ്ട്) | _ |
| 137/18-19(SO) | 2018-19 | 600000 (സി.എഫ്.സി)<br>50000 (തനതുഫണ്ട്) | 594661 |
| 174/18-19 | ,, | 569920 | _ |
| 162/19-20(SO) | 2019-20 | 569920 (സി.എഫ്.സി) | 541362 |
| | | | 11,36023 |

മേൽപ്രോജക്ടുകൾപ്രകാരം ഇരുപതിലധികം വരുന്ന കുടിവെള്ള സ്രോതസുകൾക്കാണ് ഇപ്രകാരം കവറിംഗ് നിർമ്മിച്ചിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ ഇന്ദിരഗിരി അങ്കണവാടിക്ക് സമീപമുള്ള പൊതുകിണറിന് നിർമ്മിച്ചിട്ടുള്ള സംരക്ഷണകവറിംഗ് തുരുമ്പെടുക്കാൻ തുടങ്ങിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. കവറിംഗ് നിർമ്മിച്ച് ഒരുവർഷം കഴിഞ്ഞപ്പോഴേക്കും ഇപ്രകാരം കണ്ടതിനാൽ തുടർച്ചയായി മഴയുള്ള സമയത്ത് കമ്പികളിലെ തുരുമ്പ് കൂടുതൽ വ്യാപിക്കുവാനുള്ള സാധ്യതയും കാണുന്നു. ആയതിനാൽ പൊതുകിണറുകൾക്കായി വൻ തുക ചെലവഴിച്ച നിർമ്മിക്കപ്പെട്ട സംരക്ഷണകവചം നശിച്ചുപോകാതിരിക്കുന്നതിന് യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 എസ് എസ് എ പ്രോജക്ട് - വിനിയോഗസാക്ഷ്യപത്രത്തിൽ വിനിയോഗവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

പ്രോജക്ട് നം.8/20

ചെലവ് - 3,00,000/- രൂപ

ബിൽ നം.03/19-20/30.7.19

പ്രോജക്ട് നം.17/18-19

ചെലവ് - 1,26,000/- (എസ് സി പി)

ബിൽ നം.04/19-20/30.7.19

മേല്പറഞ്ഞ രണ്ട് പ്രോജക്ടുകൾ പ്രകാരം 4,26,000/- രൂപ എസ് എസ് എ.യ്ക്ക കൈമാറിയിട്ടുണ്ട്. പ്രസ്തുത ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. തന്മൂലം തുടർവർഷങ്ങളിലെ പദ്ധതി രൂപീകരണവേളയിൽ പഞ്ചായത്തിന്റെ വിദ്യാഭ്യാസ പ്രോജക്ടുകൾ എസ് എസ് എ പ്രോജക്ടുകളുമായി ഇരട്ടിക്കാൻ ഇടവരുന്നില്ല എന്നത് ഉറപ്പാക്കാൻ സാധിക്കുന്നില്ല. തുടർവർഷങ്ങളിലും പ്രോജക്ട് നടപ്പാക്കേണ്ടതുള്ളതിനാൽ വിനിയോഗവിവരങ്ങൾ സഹിതം വിശദമായ വിനിയോഗ സാക്ഷ്യപത്രം മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടെ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 15.03.2021,16.03.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് | 11.11.2019 | 241240 | ക്ഷീരസംഘങ്ങളിൽ | 241240 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പാലളക്കുന്നകർഷകർക്ക്സബ്സിഡി | | |
| | 22.01.2020 | 200000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന വനിത കർഷകർക്ക്സബ്സിഡി | 200000 | 0 |
| | 05.02.2020 | 100000 | ഭിന്നശേഷിക്കുട്ടികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | 06.02.2020 | 116788 | ഭിന്നശേഷിക്കുട്ടികൾക്ക് സ്കോളർഷിപ്പ് | 116788 | 0 |
| | ആകെ | 658028 | | 658028 | 0 |
| ജില്ലാ പഞ്ചായത്ത് | 17.01.2020 | 300000 | ഭിന്നശേഷിക്കുട്ടികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 05.02.2020 | 300000 | അംഗണവാടി പോഷകാഹാരം | 300000 | 0 |
| | ആകെ | 600000 | | 600000 | 0 |

4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | വട്ടമറ്റം കുന്നാംപുറം കൊണ്ടുകാല സ്ട്രീറ്റ് ലൈൻ | 190000 | 190000 | 0 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജിഒ(എംഎസ്) 68/2018/ 18.5.18 | 2556120 | 2556120 | 323529 | 0 | 2392591 |

4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 27980/- രൂപയുടെ വരവുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും, ഉദ്യോഗ പേരും | അടവാക്കിയതിന്റെ വിശദാംശങ്ങൾ,രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2007-08 | 2.1 | 240 | തോമസ് | 119030100294<br>2.5.19 |
| 2017-18 | 2-3-1 | 300 | കെ പി വിജയൻ,കോരേറ്റ് | 119030101157<br>1.7.19 |
| ,, | 2-2-4 | 860 | ജോയ് തോപ്പൻ തോപ്പൻസ് സ്വമ്മിംഗ് അക്കാദമി | 119030101414<br>20.07.19 |
| 2013-14 | 2-2 | 5000 | മാനേജർ എൽ ഐ സി | 119030500005<br>3.8.19 |
| 2017-18 | 2-2-3 | 1250 | മീനച്ചിൽ സഹകരണ കാർഷിക വികസന ബാങ്ക് | 119030101713<br>19.08.19 |
| 2007-08 | 2-4-4 | 240 | എം.ഡി,ഗയ്കോ | 119030103124<br>20.11.19 |
| 2012-13 | 2.1 C | 2500 | മാനേജർ,കടുത്തുരുത്തി ഹൗസിംഗ് കോപ്പോറേറ്റീവ് സൊസൈറ്റി | 119030103806<br>10.12.19 |
| 2018-19 | 2-4-24 | 1100 | ജയ്സൺ ചാക്കോ | 119030103895<br>16.12.19 |
| 2018-19 | 2-4-28 | 1100 | ഷേർലി ബാബു | 119030104068<br>27.12.19 |
| 2015-16 | 2-6-2 | 1560 | ക്ഷീരോൽപാദക സംഘം തോട്ടുവ | 119030104943<br>6.2.20 |
| 2015-16 | 2-6,2-4 | 1660 | ക്ഷീരോൽപാദക സംഘം തോട്ടുവ | 119030104944<br>6.2.20 |
| 2018-19 | 2-4-29 | 860 | കുര്യൻ ദേവസ്യ | 119030103945<br>18.12.19 |
| 2011-12 | 2-1(B)4 | 5000 | ഡിപോൾ സ്കൂൾ | 119030105808<br>13.3.20 |

| | | | | |
|---|---|---|---|---|
| 2017-18 | 2-2-2 | 1260 | ബിന്ദു ഹോട്ടൽ കുറവിലങ്ങാട് | 119030101426<br>22.7.19 |
| ,, | 2-2-3 | 1250 | മാനേജർ മണപ്പുറം ഫിനാൻസ് | 119030101548<br>2.8.19 |
| 2018-19 | 2-3 | 2500 | മാനേജർ<br>ഐ സി ഐ സി ഐ ബാങ്ക് | 119030400022<br>29.11.19 |
| 2018-19 | 2-4(3) | 300 | സുരേഷ് രമണൻ | 119030103814<br>11-12-19 |
| ,, | 2-4(12) | 500 | സുരേഷ് അഗസ്റ്റിൻ | 119030101814<br>26.8.19 |
| ,, | 2-4(32) | 500 | പ്രകാശം സി | 119030104450<br>17.1.20 |
| ആകെ | | 27980 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | പൊതു അവലോകനം | 2009-10 | 2-1 | കാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിയ്ക്കുന്നതിൽ വീഴ്ച | 30.09.13 ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചു. |

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ | 62742938 |

| | |
|---|---|
| വരവ് | (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47028418 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 345072 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20-2 | 39,488 | ഡോ. സാം പോൾ ഡി, മെഡിക്കൽ ഓഫീസർ |
| 1-23 | 3,05,584 | ശ്രീ.സോജൻ കെ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ ഇൻചാർജ് |
| ആകെ | 345072 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി-4/816/20 തീയതി 04/09/20 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി-4/817/20തീയതി 15/09/20 | |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി-4/818/20 തീയതി 29/09/20 | |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി-4/825/20 തീയതി 05/10/20 | 1 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം.പി-4/അദാ-2018/30(10)/18/8.1.18 | 11 |
| 2012-13 | എൽ.എഫ്.കെ.പി 4/442/14/9.1.2015 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി-4/820/20 തീയതി 25/09/20 | 3 |
| 2014-15 | കെ.എസ്.എ-കെടി.എം.പി.4/621/20തീയതി 07/10/20 | 15 |
| 2015-16 | നം.എസ്.എ-കെടി..പിഎം.4/823/20 തീയതി 30/09/20 | 13 |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം.പി.4/823/20 തീയതി 07/10/20 | 3 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി4/824/20 തീ. 13/10/20 | 12 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി4/1916/19 തീ. 15/05/20 | 26 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്